# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India’s National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVIII | YEAR OF OUR LORD JESUS CHRIST, MARCH 2022 | No. 5


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സങ്കീർത്തനങ്ങൾ 97:1-9

01. യഹോവ വാഴുന്നു; ഭൂമി ഘോഷിച്ചാനന്ദിക്കട്ടെ; ബഹുദ്വീപുകളും സന്തോഷിക്കട്ടെ.

02. മേഘവും അന്ധകാരവും അവന്റെ ചുറ്റും ഇരിക്കുന്നു; നീതിയും ന്യായവും അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു.

03. തീ അവന്നു മുമ്പായി പോകുന്നു; ചുറ്റുമുള്ള അവന്റെ വൈരികളെ ദഹിപ്പിക്കുന്നു.

04. അവന്റെ മിന്നലുകൾ ഭൂതലത്തെ പ്രകാശിപ്പിക്കുന്നു; ഭൂമി കണ്ടു വിറെക്കുന്നു.

05. യഹോവയുടെ സന്നിധിയിൽ, സർവ്വഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ പർവ്വതങ്ങൾ മെഴുകുപോലെ ഉരുകുന്നു.

06. ആകാശം അവന്റെ നീതിയെ പ്രസിദ്ധമാക്കുന്നു; സകല ജാതികളും അവന്റെ മഹത്വത്തെ കാണുന്നു.

07. കാഹളങ്ങളോടും തൂര്യനാദത്തോടുംകൂടെ രാജാവായ യഹോവയുടെ സന്നിധിയിൽ ഘോഷിപ്പിൻ!

08. സീയോൻ കേട്ടു സന്തോഷിക്കുന്നു; യഹോവേ, നിന്റെ ന്യായവിധികൾ ഹേതുവായി യഹൂദാപുത്രിമാർ ഘോഷിച്ചാനന്ദിക്കുന്നു.

09. യഹോവേ, നീ സർവ്വഭൂമിയ്ക്കും മീതെ അത്യുന്നതൻ, സകല ദേവന്മാർക്കും മീതെ ഉയർന്നവൻ തന്നേ.

# മുന്തിരിവള്ളിയും അത്തിവൃക്ഷവും ഒലീവു മരവും!

## THE VINE, THE FIG AND THE OLIVE!


ബ്രദർ. എം. പോൾ രാജ്

BRO. M. PAUL RAJ


തമിഴ്നാടിലെ ജനങ്ങളുടെ ജീവിതത്തിൽ നെല്ലും തെങ്ങും വാഴയും പോലെ യിസ്രായേൽ ജനതയുടെ ജീവിതത്തിൽ മൂന്നു ചെടികൾ/മരങ്ങൾ ഇഴചേർന്നിരിക്കുന്നു. ആകാശത്തിൽ നിന്നും പെയ്യുന്ന മഴയിൽ നിന്നും വെള്ളം കുടിക്കുന്ന കുന്നുകളും താഴ്വരകളുമുള്ള നാടാണ് യിസ്രായേൽ. എന്നാൽ യിസ്രായേല്യർ 430 വർഷം അടിമകളായി ജീവിച്ച മിസ്രയീം ദേശം അങ്ങനെയല്ലായിരുന്നു. മിസ്രയീമിൽ യിസ്രായേല്യർ വിത്തു പാകുകയും മലക്കറി തോട്ടത്തിൽ ചെയ്യുന്ന പോലെ വെള്ളം ചുമന്ന് കാൽനടയായി നനയ്ക്കുകയും ചെയ്യുമായിരുന്നു. അവിടത്തെ ഭൂമിയെ പോഷിപ്പിച്ചിരുന്നത് നൈൽ നദിയായിരുന്നു (ആവർത്തനം 11:10,11).

മുന്തിരിവള്ളി, അത്തിവൃക്ഷം, ഒലീവു മരം എന്നീ മൂന്നു ചെടി/വൃക്ഷം യിസ്രായേൽ ദേശത്തെ പ്രധാന അധിവാസമാണ്. ഹബക്കൂക്കിന്റെ പുസ്തകത്തിൽ പ്രവാചകൻ ഇങ്ങനെ പ്രഖ്യാപിക്കുന്നു: “അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലീവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായി പോകും.... എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും” (ഹബക്കൂക്ക് 3:17,18). മുന്തിരിവള്ളിയും അത്തിവൃക്ഷവും ഒലീവുവൃക്ഷവും യിസ്രായേലിന്റെ സമ്പദ്വ്യവസ്ഥ നിലനിറുത്തുന്ന മറ്റെല്ലാ കാര്യങ്ങളും പരാജയപ്പെട്ടാലും താൻ കർത്താവിൽ സന്തോഷിക്കും എന്നാണ് പ്രഖ്യാപിച്ചത്. ഈ ചെടികളും മരങ്ങളും യിസ്രായേലിന്റെ ജീവൻ നിലനിറുത്തുന്നു.

യേശുക്രിസ്തുവിന്റെ ശുശ്രൂഷാവേളകളിലെ പ്രസംഗങ്ങളിൽ ഈ ചെടി/മരങ്ങളെക്കുറിച്ച് പലപ്പോഴും ഉദ്ധരിച്ചിട്ടുണ്ട്. യേശുക്രിസ്തു ഇങ്ങനെ പറഞ്ഞു: “ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല” (യോഹന്നാൻ 15:5). യേശുക്രിസ്തുവും മാതാവുമൊക്കെ ക്ഷണിതാക്കളായി പങ്കെടുത്ത കാനാവിലെ കല്ല്യാണത്തിലെപ്പോലെ യിസ്രായേല്യരുടെ വിവാഹങ്ങളിൽ വീഞ്ഞ് വളരെയധികം പ്രാധാന്യമുള്ള വിഭവമായിരുന്നു (യോഹന്നാൻ 2:1,2). അത്തിവൃക്ഷം തളിർക്കുന്നത് വേനൽക്കാലത്തിന്റെ ആഗമനം വിളിച്ചോതുന്നുവെന്ന് മത്തായി 24:32ൽ യേശുക്രിസ്തു ഉദ്ധരിക്കുന്നു. നോഹ രണ്ടാം പ്രാവശ്യം പ്രാവിനെ അയക്കുമ്പോൾ, ഭൂമിയിൽ വെള്ളം ഇറങ്ങി തുടങ്ങി എന്നതിന്റെ സൂചനയായി തളിർത്ത

3-ാം പേജിൽ തുടരും...

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



(ECHO GROUP)

## *from your dearly beloved brother...*



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**CHIEF EDITOR**

Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**

Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**

Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**

Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M.Phil., B.Ed.



**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.com


**ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശം കൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്യും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നതു (യെശയ്യാവ് 58:14)**

ക്രിസ്തുവിൽ പ്രിയ സ്നേഹിതരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ സമാനതകളില്ലാത്ത നാമത്തിൽ സ്നേഹാശംസകൾ.

ദൈവാനുഗ്രഹത്താൽ നിങ്ങളും നിങ്ങളുടെ പ്രീയപ്പെട്ടവരും സുഖമായിരിക്കുന്നു എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഞാനും സഹപ്രവർത്തകരും ഞങ്ങളുടെ പ്രാർത്ഥനകളിൽ ദിനം തോറും നിങ്ങളെയും നിങ്ങളുടെ ആവശ്യങ്ങളെയും കർത്താവിന്റെ മുമ്പിൽ സമർപ്പിക്കുന്നു. ലോകമെമ്പാടും വലിയ വിപത്തുകൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ നിങ്ങൾക്ക് ദൈവത്തിന്റെ പ്രത്യേകമായ സംരക്ഷണം ആവശ്യമായിരിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ വലിയ ഭീതിയിലാണ് കഴിയുന്നത്.

അനേകം സഹോദരീ സഹോദരന്മാരിൽ നിന്നും ദിനംതോറും അനേകം പ്രാർത്ഥനാ വിഷയങ്ങൾ ഞങ്ങളുടെ മുമ്പിൽ എത്താറുണ്ട്. പോസ്റ്റ് കാർഡ്, ഫോൺ കാളുകൾ, കത്തുകൾ, ഇ-മെയിൽ തുടങ്ങിയവയിലൂടെ ഞങ്ങളുടെ ഓഫീസിൽ ലഭിക്കുന്ന എല്ലാ പ്രാർത്ഥനാ വിഷയങ്ങൾക്കായും, ഒന്നുപോലും അവഗണിക്കാതെ, ഞങ്ങൾ ദിനം തോറും പ്രാർത്ഥിക്കുന്നു. നിങ്ങളെപ്പോലെയുള്ള എല്ലാ സഹോദരീസഹോദരന്മാരുടെ ജീവിതത്തിലും ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

കൊറോണയെക്കുറിച്ച് പൊതുവിലുള്ള ഭയത്താലും വൈറസിന്റെ പൊതുവായ പ്രവർത്തന രീതിയാലും അനേകം ദൈവദാസന്മാരുടെ ശുശ്രൂഷയുടെ വേഗതയിൽ കുറവു സംഭവിച്ചിട്ടുണ്ട്. നിങ്ങൾ അതിൽ ഒരാളാണോ?

അതു നല്ല സ്വഭാവമല്ല. കഴിഞ്ഞ കാലത്തിൽ നിങ്ങൾ പ്രാർത്ഥനയിലൂടെ നേടിയ അതിശയകരമായ കാര്യങ്ങൾ ഓർത്തുനോക്കുവിൻ. നിങ്ങളുടെ പ്രാർത്ഥനയില്ലായ്മ, സഭയെയും പാസ്റ്ററെയും അവഗണിക്കുക, ദശാംശങ്ങളിലും വഴിപാടുകളിലും അവിശ്വസ്തത എന്നിവയിലൂടെ നിങ്ങളുടെ സംരക്ഷകനായ യേശുക്രിസ്തുവിനെ നിങ്ങൾ ദുഃഖിപ്പിക്കുകയോ ഒറ്റിക്കൊടുക്കുകയോ ചെയ്തിട്ടുണ്ടാകാം. ഈ അവസ്ഥയിൽ നിന്നും എഴുന്നേറ്റ് മുന്നോട്ടു കുതിക്കുവാൻ സന്ദേശത്തിലൂടെ ദൈവം നിങ്ങളുടെ ആത്മാവിനെ ഉണർത്തുന്നു.

ഈ ലോകത്തിന്റെ ആപത്തുകളിൽ നിന്ന് ദൈവം നിങ്ങളുടെ ജീവിതത്തെ ഒഴിവാക്കിയതിനാൽ നന്ദിയുള്ള ഹൃദയത്തോടെ നിങ്ങളുടെ ആത്മീയ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവിൻ. അവൻ നിങ്ങളുടെ ആവശ്യങ്ങൾ നിശ്ചയമായും നിറവേറ്റിത്തരും. വരുംനാളുകളിൽ ഫലപ്രദമായ ജീവിതം ചെയ്‌വാൻ അവൻ നിങ്ങളെ അനുഗ്രഹിക്കും. ഞങ്ങളുടെ പ്രാർത്ഥനകളിലൂടെ ഞങ്ങൾ നിങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

ഈ ലോകത്തിൽ നടക്കുന്ന എല്ലാ സംഭവങ്ങളും ലോകത്തിന്റെ ന്യായവിധിക്കായുള്ള യേശുക്രിസ്തുവിന്റെ രണ്ടാം വരവിനു മുന്നോടിയായിട്ടുള്ളതാണ് എന്ന് നമുക്ക് മനസ്സിലാക്കാം. ന്യായവിധിക്കായി നാമെല്ലാവരും ദൈവമുമ്പാകെ നിൽക്കേണ്ടവരാണ്. യേശുക്രിസ്തുവിനുവേണ്ടി വിശ്വസ്തതയുള്ള ജീവിതം ചെയ്യാമെന്ന് നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. ദൈവം തന്റെ കൃപ നിങ്ങളിൽ പകരുമാറാകട്ടെ.

വിളിയുടെ പ്രതിധ്വനിയ്ക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യുവിൻ. നിങ്ങളുടെ പ്രാർത്ഥനയുടെയും പിന്തുണയുടെയും അത്യാവശ്യമുള്ള സമയ

മാണിത്. ബ്രദർ എം. പോൾരാജും പാസ്റ്റർ മുത്തുവും തങ്ങളുടെ രോഗാവസ്ഥയിൽ നിന്നും മോചനം പ്രാപിക്കുവാൻ നിങ്ങളുടെ ശക്തമായ പ്രത്യേക പ്രാർത്ഥന ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

നിലവിൽ ഞങ്ങളുടെ പള്ളികളിലെ ആരാധനകൾ, സ്കൂൾ, റസിഡൻ്യൽ ബൈബിൾ കോളേജ് എന്നിവയുടെ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല. കൊറോണ വൈറസിന്റെ നിർമ്മാർജ്ജനത്തിനും ലോകം മുഴുവനുമുള്ള ജനങ്ങളുടെ പുനരധിവാസത്തിനുമായി പ്രാർത്ഥിപ്പിൻ.

ഞങ്ങളിൽ നിന്നുമുള്ള പുതിയ വാർത്തകൾ ലഭിക്കുവാൻ സമയമുള്ളപ്പോൾ ഞങ്ങളുടെ യുട്യൂബ് ചാനൽ സന്ദർശിക്കുവിൻ. ഞങ്ങൾ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നതോടൊപ്പം നിങ്ങളുടെ ക്ഷേമത്തിൽ അതീവ തൽപ്പരരുമാണ്.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

*1-ാം പേജിന്റെ തുടർച്ച...*

ഒലീവില കൊത്തിക്കൊണ്ട് വന്നു (ഉൽപ്പത്തി 8:11). അത്താഴം കഴിച്ചതിനുശേഷം സ്തോത്രം പാടിക്കൊണ്ട് ശിഷ്യന്മാരുമൊത്ത് ഒലിവുമലയിലേക്ക് പുറപ്പെട്ടു (മർക്കൊസ് 14:26). അതിനാൽ മുന്തിരിവള്ളിയും അത്തിവൃക്ഷവും ഒലിവുമരവുമെല്ലാം യിസ്രായേല്യരുടെ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നതായി കാണാം.

## മുന്തിരിവള്ളി!

നീ മിസ്രയീം ദേശത്തുനിന്ന് ഒരു മുന്തിരിവള്ളി കൊണ്ടുവന്നു;

ജാതികളെ നീക്കി അതിനെ നട്ടു.

നീ അതിനു തടം എടുത്തു അതു വേരൂന്നി ദേശത്തു പടർന്നു.

അതിന്റെ നിഴൽകൊണ്ടു പർവ്വതങ്ങൾ മൂടിയിരുന്നു;

അതിന്റെ കൊമ്പുകൾ ദിവ്യദേവദാരുക്കൾ പോലെയും ആയിരുന്നു.

അതു കൊമ്പുകളെ സമുദ്രം വരെയും ചില്ലികളെ നദി വരെയും നീട്ടിയിരുന്നു.

**വഴിപോക്കരൊക്കെയും അതിനെ പറിപ്പാൻ തക്കവണ്ണം**

**നീ അതിന്റെ വേലികളെ പൊളിച്ചുകളഞ്ഞ തു എന്തു?**

**കാട്ടുപന്നി അതിനെ മാന്തിക്കളയുന്നു;**

**വയലിലെ മൃഗങ്ങൾ അതു തിന്നുകളയുന്നു.**

**സൈന്യങ്ങളുടെ ദൈവമേ, തിരിഞ്ഞു വരേണമേ;**

**സ്വർഗ്ഗത്തിൽനിന്നു നോക്കി കടാക്ഷിച്ചു ഈ മുന്തിരിവള്ളിയെ സന്ദർശിക്കേണമേ.**

**നീ വലങ്കൈ നട്ടിട്ടുള്ളതിനെയും**

**നീ നിനക്കായി നട്ടിട്ടുള്ള തയ്യെയും പാലിക്കേണമേ.**

(സങ്കീർത്തനങ്ങൾ 80:8-15)

ഇവിടെ കർത്താവ് മിസ്രയീമിൽനിന്നും ഒരു മുന്തിരിവള്ളിയെ കൊണ്ടുവന്ന് കാനാനിലെ ജാതികളെ നീക്കി അവിടെ നട്ടു. അത് നല്ല ഫലം തരുമെന്ന് ദൈവം വിചാരിച്ചു. പക്ഷെ നൽകിയത് കയ്പുള്ള മോശമായ ഫലമായിരുന്നു. അത് ആഴത്തിൽ വേരൂന്നി ദേശത്തു പടർന്നു. അതിന്റെ സ്വാധീനം രാജ്യങ്ങളിൽ വ്യാപിക്കുകയും ഒന്നാമതായി വാഴുകയും ചെയ്തു. അതിനാൽ കർത്താവ് അതിന്റെ വേലികളെ പൊളിച്ചുകളഞ്ഞു. അതിനാൽ കടന്നുപോകുന്നവർ അവരുടെ ഇഷ്ടപ്രകാരം പഴങ്ങൾ പറിച്ചു തിന്നു, വേലിയില്ലാത്തതിനാൽ കരടിയും മറ്റു വന്യമൃഗങ്ങളും കടന്നുകയറി അതിനെ പിഴുതെറിഞ്ഞുകളഞ്ഞു. തകർന്ന വേലിക്കെട്ടുകൾ കണ്ട് അതിനു പരിഹാരം കാണുവാൻ ആസാഫ് പ്രവാചകൻ കർത്താവിനോട് അപേക്ഷിച്ചു.

യിസ്രായേലിന്റെ ഭവനമാണ് കർത്താവിന്റെ മുന്തിരിത്തോട്ടം (യെശയ്യാവ് 5:7). മിസ്രയീമിൽ അടിമകളായിരുന്ന ദൈവം തിരഞ്ഞെടുത്ത യിസ്രായേൽ ജനതയെ മോശെയുടെ നേതൃത്വത്തിൽ അവിടെ നിന്നും വിടുവിച്ച് കൊണ്ടുവന്നു. കനാന്യരെ പുറത്താക്കി അവരെ അവിടെ ആക്കി. അവർ കനാൻ ദേശത്തു പെരുകി മോശെയുടെ നേതൃത്വത്തിൽ ശക്തമായ രാജ്യമായിത്തീർന്നു. ദാവീദ് ശത്രുക്കളെ തോല്പിച്ച് അവരിൽനിന്നും കപ്പം കൊണ്ടുവരുമാറാക്കി. രാജ്യത്തിന്റെ പേര് ലോകമെമ്പാടും പരന്നു. അത് നേതൃത്വ നിരയിലേക്ക് ഉയരുകയും ചെയ്തു. എന്നാൽ ശലോമോൻ രാജാവ് അന്യജാതിയിലെ ഭാര്യമാരുടെ പ്രേരണയാൽ അന്യദൈവങ്ങളെ ആരാധിക്കാൻ തുടങ്ങിയതുമുതൽ രാജ്യത്തിന്റെ പതനം ആരംഭിച്ചു. ശലോമോന്റെ മകനായ രെഹോബയാമിന്റെ കാലഘട്ടത്തിൽ രാജ്യം യെരൂശലേം എന്നും യഹൂദ്യ എന്നും രണ്ടായി വിഭജിക്കപ്പെട്ടു.

യിസ്രായേലിന്റെ തലസ്ഥാനമായി ശമര്യയെയും യഹൂദ്യയുടെ തലസ്ഥാനമായി യെരുശലേമും ആയി. യിസ്രായേലിന്റെ ആദ്യരാജാവായ യെരോബയാം രണ്ടു സ്വർണ്ണകാളക്കുട്ടികളെ ഉണ്ടാക്കി ഒന്ന് ദാനിലും മറ്റേത് ബെർശേബയിലും സ്ഥാപിച്ചു. ഇത് അവരെ മിസ്രയീമിൽ നിന്നും വിടുവിച്ചുകൊണ്ടുവന്ന ദൈവമാണ് എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ ഫറവോന്റെ കൈയിൽനിന്നും വിടുവിച്ചുകൊണ്ടുവന്ന ദൈവത്തെ അവർ തള്ളിക്കളഞ്ഞു. മോശെയുടെയും യോശുവയുടെയും നേതൃത്വത്തിലാണ് ഈ വിടുതൽ പ്രക്രിയ നടന്നതെങ്കിലും നടത്തിയത് ദൈവം തന്നെയായിരുന്നു. അവൻ രാജാക്കന്മാരെ ഓടിച്ചുകളഞ്ഞ് പാലും തേനുമൊഴുകുന്ന കാനാൻ ദേശം അവർക്കു നൽകി. പിൽക്കാലത്ത് അവർ ദൈവത്തെ മറന്ന് അന്യദേവന്മാരെ നമിച്ചു. മിക്കവാറും എല്ലാ മരങ്ങളുടെ അടിയിലും ഉയർന്ന പ്രദേശങ്ങളിലും ഓരോ

**Statement about ownership and other particulars about the Newspaper Echo of His Call (Malayalam) - Form IV (See Rule 8)**

| | | |
|---|---|---|
| 1. Place of Publication | : | **New No. 8 & 10, Old No. 18 & 19, Mohammed Abdullah Sahib 2nd Street, Chepauk, Chennai - 600 005.** |
| 2. Periodicity | : | **Monthly** |
| 3. Printer, Editor, Owner & Publisher | : | **S. Sam Selva Raj** (Same Address) |
| 4. Nationality | : | **Indian** |

I **S. Sam Selva Raj**, hereby that the particulars given above are true to the best of my knowledge and belief.

**March 2022** **S. Sam Selva Raj.**

ബിംബങ്ങൾ സ്ഥാപിച്ച് അതിനെ ആരാധിച്ചു. ഈ വിശ്വാസവഞ്ചനയിൽ യിസ്രായേൽ ആണ് യഹൂദയെക്കാളും മുന്നിൽ നിന്നത്. ദൈവം തന്റെ കോപത്തിൽ ഇവരെ അന്യരാജാക്കന്മാർക്കു വിറ്റുകളഞ്ഞു. ബി.സി.722ൽ യിസ്രായേലിനെ സിറിയക്കാരും ബി.സി.586ൽ യഹൂദയെ ബാബിലോണിയരും കൊണ്ടുപോയി. ഇതൊക്കെയും സംഭവിച്ചത് അവർ ദൈവത്തെ മറന്ന് അന്യദൈവങ്ങളെ സേവിച്ചതിനാലാണ്. ദൈവത്തിന്റെ നോട്ടം അവരിൽനിന്നും മാറിയപ്പോൾ അവശിഷ്ടങ്ങളുടെ കൂമ്പാരമായി രാജ്യം മാറിയതുകണ്ട് ആസാഫ് പ്രവാചകൻ വിലപിച്ചു.

നല്ല ഫലം നൽകുമെന്നു പ്രതീക്ഷിച്ച മുന്തിരിവള്ളി കയ്പ് ഫലം പുറപ്പെടുവിച്ചതിനാൽ രാജ്യം നാശത്തിലേക്ക് വീണുപോയി.

ഇന്നും ആളുകൾ യേശുവിന്റെ രക്തത്തിലൂടെ രക്ഷപ്രാപിച്ച് കർത്താവിന്റെ ആട്ടിൻകൂട്ടത്തിലേക്കു വന്ന്, കുറച്ചു കാലം അതിൽ തിളങ്ങി, ആട്ടിൻകൂട്ടത്തിൽ നിന്നും പുറത്തുചാടി സാത്താന്റെ കൂട്ടുകെട്ടിൽ ആശ്രയം കണ്ടെത്തുന്നു. സാത്താൻ മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും മാത്രം അറിയുന്നവനെന്നു തിരിച്ചറിയാതെ അവരെ നാശത്തിലേക്ക് തള്ളിയിടുന്നു (യോഹന്നാൻ 10:10). നമ്മുടെ പൂർവ്വികർക്കു സംഭവിച്ചതുപോലെ നശിക്കാതിരിക്കാൻ സാത്താന്റെ കുതന്ത്രങ്ങൾക്കെതിതെ അതീവ ജാഗ്രത പുലർത്തേണം.

പഴങ്ങൾ നമുക്കു തരുന്ന പ്രീയപ്പെട്ടതും ഇഷ്ടകരവുമായ വിളയാണ് മുന്തിരിവള്ളി. ഇത് പ്രത്യേക കാലഘട്ടത്തിൽ മാത്രം വിളതരുന്നതാണ്. നിലം ഒരുക്കുവാനും കുഴിച്ച് വളം ഇടുവാനും കർഷകൾ കഠിനമായി പ്രയത്നിക്കുന്നു. ഈ ചെടി വളർന്നുവരുമ്പോൾ പന്തലു കെട്ടി പടർത്തണം. കായ്ക്കാത്ത കൊമ്പുകൾ ചെത്തിമാറ്റി നല്ലവയ്ക്ക് വളരാനുള്ള സാഹചര്യം ഉണ്ടാക്കേണം. "ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളയുന്നു; കായ്ക്കുന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു" (യോഹന്നാൻ 15:1,2).

മുന്തിരിവള്ളിക്കു സമാനമായി തമിഴ്നാട്ടിലും ഇന്ത്യയുടെ മറ്റു പ്രദേശങ്ങളിലുമായി വളരുന്നതാണ് വെറ്റില ചെടി. എന്റെ ബന്ധുവിന് വെറ്റില തോട്ടം ഉണ്ടായിരുന്നു. ഈ തോട്ടം ഒരുക്കാനായി ആദ്യം 4 മുതൽ 5 അടി വരെയുള്ള മുകൾ മണ്ണ് നീക്കം ചെയ്ത് മാറ്റി ബാക്കി മണ്ണും മറ്റു വളക്കൂറുള്ള മണ്ണും മണലും ചേർത്ത് നന്നായി കലർത്തി 2 മുതൽ 3 അടിവരെ ഉയരത്തിൽ നിരത്തുന്നു. മറ്റുള്ള മരങ്ങളുടെയോ ചെടികളുടെയോ വേരുകൾ ഇതിനിടയിൽകൂടി പോകുവാൻ പാടില്ല. നേരായ ചാലുകൾ കുഴിച്ച് മണൽ കലർന്ന നല്ല മണ്ണ് നിറയ്ക്കുക. അതിനുശേഷം കൃത്യമായ അകലങ്ങളിൽ വെറ്റിലചെടിയുടെ തണ്ടുകൾ നടുക. അതിനുശേഷം വെള്ളം കെട്ടിനില്ക്കാത്ത രീതിയിൽ നനയ്ക്കുക. ഈ തണ്ടുകൾ മുളച്ച് വളരാൻ തുടങ്ങുന്നു. മുന്തിരിവള്ളി വളർച്ചയുള്ള കമ്പുമായി ബന്ധിക്കുന്നു. മുരിങ്ങ, കാട്ടുമുരിങ്ങ, പരുത്തിച്ചെടി എന്നിവയിലാണ് വെറ്റില ചെടി പടരുവാൻ സാധാരണയായി ഉപയോഗിക്കാറുള്ളത്. പരുത്തി ചെടിയുടെ കായിൽ നിന്നും ലഭിക്കുന്ന പഞ്ഞികൊണ്ട് മെത്തയും തലയിണയും ഉണ്ടാക്കുന്നു. മുരിങ്ങയുടെ ഇലയും കായും ആഹാരത്തിനായി ഉപയോഗിക്കാവുന്നതാണ്. മുരിങ്ങക്കായ് ഹോട്ടലുകളുടെയും വീടുകളുടെയും ഇഷ്ടവിഭവമാണ്. കാട്ടുമുരിങ്ങയുടെ ഇലകൾ വളത്തിന് ഉപയോഗിക്കുന്നു. തടി കട്ടമരവും ചെറുബോട്ടുകളും ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ചിലർ വെറ്റിലതോട്ടത്തിന്റെ ഇടയിൽ വാഴകളും നടുന്നു. അത് മറ്റൊരു വരുമാന മാർഗ്ഗമാണ്.

ഇളം വെറ്റില ഇല ഔഷധം നിർമ്മിക്കാൻ ഉപയോഗിക്കുന്നതിനുപുറമെ ചില പ്രായമുള്ള ആളുകൾ പാക്കും ചുണ്ണാമ്പും ഉപയോഗിച്ച് വെറ്റില മുറുക്കുന്നു. ചിലർ ഈ ശീലത്തിന് അടിമകളുമാണ്.

വെറ്റില തോട്ടങ്ങളിൽ പരമാവധി വിശുദ്ധി നിലനിറുത്തുവാൻ ശ്രമിക്കാറുണ്ട്. എല്ലാ സമയത്തും ആളുകളെ തോട്ടത്തിൽ പ്രവേശിക്കാൻ അനുവദിക്കാറില്ല, സ്ത്രീകളെ പ്രത്യേകിച്ചും.

## മുന്തിരി തോട്ടത്തിലെ അത്തിവൃക്ഷം!

ഒരിക്കൽ യേശു മുന്തിരിതോട്ടത്തിലെ അത്തിവൃക്ഷത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അവൻ അതിൽ പഴങ്ങൾ തിരഞ്ഞു എങ്കിലും ഇലകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. മുന്തിരിതോട്ടത്തിന്റെ ഉടമസ്ഥൻ മൂന്നു വർഷമായി അതിൽ ഫലങ്ങൾ തിരഞ്ഞു എങ്കിലും ഇല്ലായിരുന്നു. ഫലമില്ലാതെ ഇരിക്കുന്നതിനാൽ തോട്ടത്തിന്റെ അത് നില്ക്കുന്ന സ്ഥലം നഷ്ടമായതിനാൽ തോട്ടക്കാരനോട് അത് വെട്ടിക്കളയുവാൻ പറഞ്ഞു എങ്കിലും അവൻ ഒരു വർഷം കൂടി നിൽക്കട്ടെ എന്നും കിളച്ച് വളം ഇട്ടുനോക്കാം എന്നും പറഞ്ഞു.

ഫലം നൽകുന്നതിന്റെ ആവശ്യകതയെക്കുറിച്ച് യേശു സംസാരിക്കുകയായിരുന്നു.

06-ാം പേജിൽ തുടരും...


**നെഹെമ്യ ബൈബിൾ**

**റസിഡൻഷ്യൽ/ സായാഹ്ന കോളേജ്**

**വേളാച്ചേരി/ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ**

ഭാഷ : ഹിന്ദി/തമിഴ്

***അപേക്ഷകനുള്ള മെമ്പർഷിപ്പ്***

**ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ (ATA)**

**കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്**

***വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം***

***വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം***

**യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ**

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**

**10, മുഹമ്മദ് അബ്ദുള്ള 2–ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ–600 005, ഇന്ത്യ**

**ഫോൺ : (91–44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858**

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

**✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶**

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)



## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**മാർച്ച് 19** : നമ്മുടെ പ്രീയ സഹോദരൻ ബ്രദർ എം. പോൾരാജിനെയും നമ്മുടെ അസ്സോസിയേറ്റ് എഡിറ്ററും നെഹെമ്യ ബൈബിൾ കോളേജിന്റെ ചെയർമാനുമായ പാസ്റ്റർ എം. മുത്തുവിന്റെയും ആരോഗ്യം ദൈവം കാത്തു സൂക്ഷിക്കുന്നതിനായി.

**മാർച്ച് 20** : ബൈബിൾകോറും വേദശാസ്ത്ര വിദൂര പഠന കോഴ്സുകളും ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 21** : 1969 മുതൽ മാസിക ശുശ്രൂഷയോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 22** : മാസിക ശുശ്രൂഷയിലൂടെ ദൈവത്തെ അറിഞ്ഞിട്ടില്ലാത്തവരുടെ മദ്ധ്യേ സുവിശേഷം അറിയിക്കുവാൻ ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 23** : കഴിഞ്ഞ മാസത്തെ ആവശ്യങ്ങൾ ദൈവം നിറവേറ്റിത്തന്നതിനായി.

**മാർച്ച് 24** : വൈവിദ്ധ്യമായ ശുശ്രൂഷകളിലൂടെ സുവിശേഷം അറിയിക്കുവാൻ സീനിയർ പാസ്റ്ററെ ഒരുക്കിയതിനായി.

**മാർച്ച് 25** : വിളിയുടെ പ്രതിധ്വനിയുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**മാർച്ച് 26** : നെഹെമ്യ ബൈബിൾ കോളേജിനെ ദൈവം അനുഗ്രഹിച്ചതിനായി.

**മാർച്ച് 27** : സെന്റ് പോൾസ് മെട്രിക്കുലേഷൻ വിദ്യാലയത്തിലെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർക്കായി.

**മാർച്ച് 28** : നമ്മുടെ സുവിശേഷ അച്ചടിശാലക്കായും കാര്യക്ഷമതയുള്ള ജീവനക്കാരുമായി അതിന്റെ തുടരെയുള്ള അച്ചടി എന്നിവക്കായി.

**മാർച്ച് 29** : നമ്മുടെ സംസ്ഥാന കോഡിനേറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**മാർച്ച് 30** : കോവിഡ് 19 കാലഘട്ടത്തിൽ വിളിയുടെ പ്രതിധ്വനിയുടെ എല്ലാ ശുശ്രൂഷയെയും അനുഗ്രഹിച്ചതിനായി.

**മാർച്ച് 31** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

**ഏപ്രിൽ 01** : നമ്മുടെ സഭകളിൽ പുതിയ വിശ്വാസികളെ അഭിഷേകം നൽകി അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 02** : നമ്മുടെ രാഷ്ട്രത്തെ ദൈവം സംരക്ഷിക്കുന്നതിനായി.

**ഏപ്രിൽ 03** : സീനിയർ പാസ്റ്ററെയും കുടുംബത്തെയും എല്ലാ തിന്മകളിൽനിന്നും ദൈവം സംരക്ഷിച്ചതിനായി.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഏപ്രിൽ 04** : ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്രദർ എം. പോൾരാജ് നെഹെമ്യ ബൈബിൾ കോളേജ് ചെയർമാൻ പാസ്റ്റർ എം. മുത്തു എന്നിവർ പൂർണ്ണ ആരോഗ്യം വീണ്ടെടുക്കുവാനായി.

**ഏപ്രിൽ 05** : രാഷ്ട്രങ്ങൾ തമ്മിലുള്ള ഐക്യത്തിനും സമാധാനത്തിനുമായി.

**ഏപ്രിൽ 06** : നമ്മുടെ സീനിയർ പാസ്റ്ററുടെ ആത്മകഥ തടസ്സങ്ങളൊന്നും കൂടാതെ പൂർത്തീകരിക്കാനുള്ള സമൃദ്ധമായ അനുഗ്രഹത്തിനായി.

**ഏപ്രിൽ 07** : നമ്മുടെ സംഘടന, ജീവനക്കാർ, കുടുംബാംഗങ്ങൾ എന്നിവരുടെ സമൃദ്ധമായ അനുഗ്രഹത്തിനായി.

**ഏപ്രിൽ 08** : ഹിന്ദി ഓൺലൈൻ വേദശാസ്ത്ര പഠനത്തിനായി.

**ഏപ്രിൽ 09** : നെഹെമ്യ ബൈബിൾ കോളേജിനായും അതിന്റെ വികസനത്തിനായും.

**ഏപ്രിൽ 10** : ലോകത്തിൽ നിന്നും കൊറോണാ, ഒമിക്രോൺ വൈറസുകൾ തുടച്ചുമാറ്റുവാൻ.

**ഏപ്രിൽ 11** : മയക്കുമരുന്നിന് അടിമയായവരെയും ദുഷ്പ്രവൃത്തിക്കാരെയും ദൈവം വിടുവിക്കുവാനായി.

**ഏപ്രിൽ 12** : ഈ മാസത്തെ ശാരീരികവും സാമ്പത്തികവുമായ എല്ലാ ആവശ്യങ്ങളും നിറവേറപ്പെടുവാൻ.

**ഏപ്രിൽ 13** : നമ്മുടെ രാജ്യം ഐക്യത്തിലും വികസനത്തിലും ശക്തമാകുവാൻ.

**ഏപ്രിൽ 14** : നമ്മുടെ ഉത്തരേന്ത്യൻ മിഷണറിമാർക്കായി.

**ഏപ്രിൽ 15** : സുവിശേഷം എത്തിച്ചേരാത്തിടത്ത് എത്തിക്കുവാൻ ദൈവീക സഹായത്തിനായി.

**ഏപ്രിൽ 16** : എല്ലാ മതവിഭാഗങ്ങളുടെയും ഐക്യത്തിനായി.

**ഏപ്രിൽ 17** : നമ്മുടെ ശുശ്രൂഷകളുടെ ഏതുവിധേനയുമുള്ള വികസനത്തിനായി.

**ഏപ്രിൽ 18** : ജീവനക്കാരുടെ ശമ്പളം, പ്രിന്റംഗ്പേപ്പർ, തപാൽ, ഗതാഗതം തുടങ്ങിയ സാമ്പത്തിക ആവശ്യങ്ങൾക്കായി.

... 4-ാം പേജിന്റെ തുടർച്ച

അത് മുന്തിരിതോട്ടത്തിലെ അത്തിവൃക്ഷത്തെക്കുറിച്ച് പറഞ്ഞു അടിവരയിട്ടു (ലൂക്കൊസ് 13:6-9). മുന്തിരി തോട്ടത്തിൽ അത്തിവൃക്ഷം നടുമ്പോൾ കുറെയധികം സ്ഥലം നഷ്ടപ്പെടുന്നതിനാൽ അതിന്റെ നിലനിൽപ്പ് ന്യായീകരക്കണമെങ്കിൽ അതിൽ ഫലം ഉണ്ടായിരിക്കണം.

മുന്തിരിത്തോട്ടം യിസ്രായേൽ ജനതയെ സൂചിപ്പിക്കുന്നു. യിസ്രായേല്യരുടെ ചെലവിൽ ജീവിക്കുന്നവരാണ് വിജാതീയർ. ഇവർ ഫലം പുറപ്പെടുവിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. ഫലം പുറപ്പെടുവിക്കാത്ത വൃക്ഷങ്ങളെ വെട്ടി തീയിലിട്ടുകളയണമെന്നത് കർത്താവിന്റെ നിയമമായിരുന്നു (മത്തായി 3:10). അതിനാൽ അത്തിവൃക്ഷം (വിജാതീയർ) ഫലം പുറപ്പെടുവിക്ക തന്നെ വേണം.

അത്തിവൃക്ഷത്തിന് കൂടുതൽ ശ്രദ്ധ നൽകി വളവും മറ്റു കാര്യങ്ങളും ചെയ്ത് ഒരു വർഷം കൂടെ ഫലം തരുമോ എന്നു നോക്കട്ടെ എന്ന് തോട്ടക്കാരനായ യേശുക്രിസ്തു പിതാവായ ദൈവത്തോട് അപേക്ഷിക്കുന്നു. ഒരു വിശ്വാസിക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം നൽകി വളരുവാനും ഫലം പുറപ്പെടുവിക്കാനുമുള്ള അവസരം നൽകുന്നതാണ് പ്രത്യേക ശ്രദ്ധ എന്നു പറയുന്നത്. തന്നിൽ വസിച്ച് കൂടുതൽ ഫലം പുറപ്പെടുവിക്കാൻ യേശുക്രിസ്തു നമ്മെ ആഹ്വാനം ചെയ്യുന്നു (യോഹന്നാൻ 15:5).

പിതാവായ ദൈവം സ്വർഗ്ഗത്തിലെ തന്റെ സിംഹാസനത്തിലിരുന്ന് സൂര്യനു കീഴെയുള്ള മനുഷ്യരെ ശോധന ചെയ്യുന്നു (സങ്കീർത്തനങ്ങൾ 11:4). അവൻ നീതിയുള്ള ന്യായാധിപനായതിനാൽ ലോകത്തെ നീതിയോടും ജനങ്ങളെ അവന്റെ സത്യത്തിലും ന്യായം വിധിക്കും.

അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു;
അവൻ ഭൂലോകത്തെ നീതിയോടും
ജാതികളെ വിശ്വസ്തതയോടുംകൂടെ
വിധിക്കും (സങ്കീർത്തനങ്ങൾ 96:13).

ലോകജനതയെ അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് നയിക്കുവാൻ ദൈവത്തിന് ഒരു പ്രത്യേക പദ്ധതിയുണ്ട്. തന്റെ ഏകജാതനായ പുത്രനായ യേശുക്രിസ്തുവിനെ ഈ ഭൂമിയിലേക്ക് അയച്ചത് മാനവരാശിയെ സാത്താന്റെ പിടിയിൽനിന്നും മോചിക്കുവാനാണ്. യേശുക്രിസ്തു ഓരോരുത്തർക്കുംവേണ്ടി രക്തം ചൊരിഞ്ഞ് വില കൊടുത്തു. ആരെങ്കിലും കുരിശിൽ നോക്കി യേശുക്രിസ്തു എന്റെ രക്ഷയ്ക്കുവേണ്ടിയാണ് കുരിശിൽ മരിച്ചത് എന്നു ഏറ്റുപറഞ്ഞാൽ അവൻ അവരുടെ പാപങ്ങൾ ക്ഷമിച്ച് തന്റെ സ്വന്തം മക്കളായി ഏറ്റുകൊള്ളും (യോഹന്നാൻ 1:12; 3:16).

വിജാതീയരോടു സുവിശേഷം അറിയിക്കുവാൻ കർത്താവായ ദൈവം പൗലൊസിനെ തിരഞ്ഞെടുത്തു. ആരും നശിച്ചുപോകാതെ രക്ഷ കരസ്ഥമാക്കുവാൻ കർത്താവ് അതീവ ശ്രദ്ധാലുവാണ്. തന്റെ സ്വന്തജനമായ യിസ്രായേല്യർ യേശക്രിസ്തു മശിഹയാണെന്ന് അംഗീകരിക്കാൻ വിസമ്മതിച്ചതുകാരണം അവർ നശിച്ചുപോയി. അത്തിവൃക്ഷം മുന്തിരി തോട്ടത്തിൽ ഇടം കണ്ടെത്തിയതുപോലെ യിസ്രായേല്യരുടെ ഹൃദയകാഠിന്യം കാരണം വിജാതീയർക്ക് രക്ഷയുടെ കവാടം തുറന്നുകിട്ടി. അവർ പ്രവേശിച്ചു കഴിഞ്ഞതിനാൽ ഫലം പുറപ്പെടുവിക്കേണ്ടത് അത്യാവശ്യമായി വന്നു.

## ഒലിവു വൃക്ഷം!

യിസ്രായേൽ രാജ്യത്തെ പ്രധാനപ്പെട്ട വിളയാണ് ഒലീവ്. യിസ്രായേലിന്റെ എല്ലാ ഭാഗത്തും ഉല്പാദിക്കുന്ന വിളകളാണ് ഒലീവു തോപ്പുകളും മുന്തിരിതോട്ടങ്ങളും. വിത്തുകൾ എണ്ണയ്ക്കായി വേർതിരിച്ചെടുക്കുന്നതിനാൽ ഒലീവ് ഒരു നാണ്യവിളയാണ്. ലോകമെമ്പാടും ഒലീവ് എണ്ണ പ്രചാരത്തിലുണ്ട്.

ഒലീവ് ഒരു നാണ്യവിളയാണെന്ന് നാം കണ്ടതാണ്. വേദപുസ്തകത്തിൽ ഒരു സംഭവം കാണുന്നു. ഒരു പ്രവാചകൻ കുറെ കടങ്ങൾ ബാക്കിയാക്കി മരിച്ചുപോയി. കടക്കാർ വന്ന് അയാളുടെ വിധവയോട് ഒന്നുകിൽ കടം വീട്ടുക അല്ലെങ്കിൽ അവരുടെ രണ്ട് ആൺമക്കളെയും അടിമകളാക്കുക എന്നു പറഞ്ഞു. എന്തു ചെയ്യണമെന്ന് അറിയാതെ അവൾ ഓടിപ്പോയി എലീശാപ്രവാചകനോട് വിവരങ്ങൾ പറഞ്ഞു. പ്രവാചകൻ അവളോട് ഞാൻ നിനക്ക് എന്തു ചെയ്തു തരേണം? നിന്റെ വീട്ടിൽ എന്താണ് ഉള്ളത്? എന്നു ചോദിച്ചു. അവളുടെ വീട്ടിൽ ഒരു ഭരണി എണ്ണ അല്ലാതെ മറ്റൊന്നും ഇല്ല എന്ന് അവൾ മറുപടി പറഞ്ഞു. നിനക്ക് എത്ര ഭരണി ശേഖരിക്കാൻ പറ്റുമോ അത്രയും ശേഖരിക്ക എന്ന് പ്രവാചകൻ പറഞ്ഞതുപോലെ അവൾ ചെയ്തു. കതകടച്ചിട്ട് ഭരണിയിലുള്ള എണ്ണ മറ്റു ഭരണികളിലേക്ക് പകരാൻ പറഞ്ഞു. ഇനി ഭരണികൾ ഇല്ല എന്ന് മകൻ അറിയിക്കുന്നതുവരെ അവൾ അങ്ങനെ ചെയ്തു. എണ്ണ നിന്നുപോയി. ഈ എണ്ണ വിറ്റ് കടമെല്ലാം തീർത്ത് ബാക്കി വച്ച് ജീവിക്കുവാൻ എലീശാപ്രവാചകൻ പറഞ്ഞു (2 രാജാക്കന്മാർ 4:1-7). ഒലീവ് എണ്ണ അവളുടെ ബാദ്ധ്യത തീർക്കാൻ സഹായിച്ചു.

തങ്ങളുടെ രക്ഷകനെ നിരസിച്ച യിസ്രായേല്യരുടെ ചെലവിലാണ് വിജാതീയരുടെ രക്ഷ എന്ന് റോമർ 11:17 ൽ പൗലൊസ് വിവരിക്കുന്നു.

"കൊമ്പുകളിൽ ചിലത് ഒടിച്ചിട്ട് കാട്ടൊലീവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചുചേർത്തു ഒലീവു മരത്തിന്റെ ഫലപ്രദമായ വേരിന്നു പങ്കാളിയായിത്തീർന്നു" (റോമർ 11:17).

വിജാതീയരുടെ രക്ഷ യിസ്രായേല്യരുടെ ചെലവിലാണെന്ന് പൗലൊസ് പറയുന്നു. അതിനുവേണ്ടി ഒലീവു മരത്തിന്റെ ചില ചില്ലകൾ മുറിച്ച് അതിന്റെ സ്ഥാനത്ത് കാട്ടൊലീവിന്റെ (വിജാതീയർ) ചില്ലകൾ ഒട്ടിച്ചു ചേർക്കുന്നു. കർത്താവായ യേശു പറഞ്ഞു "രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്" (യോഹന്നാൻ 4:22). പൗലൊസ് പറഞ്ഞത് "ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിന്നു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു" (റോമർ 11:25). യിസ്രായേല്യരുടെ ഒരു ഭാഗം ഹൃദയത്തെ കഠിനമാക്കിയതിനാൽ വിജാതീയരുടെ പൂർണ്ണത വരുന്നതുവരെ അവർ അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. അതിനാൽ വിജാതീയർക്ക് രക്ഷ നേടിയെടുക്കാനും ദൈവരാജ്യത്തിൽ പ്രവേശിക്കാനുള്ള യോഗ്യത നേടിയെടുക്കാനുള്ള അവസരമാണിത്.

ദൈവം തന്റെ ജനത്തെ വിളിച്ച് വേർതിരിച്ച് ആർക്കും തിരിച്ചെടുക്കാനും മാറ്റപ്പെടുവാനും കഴിയാത്ത സമ്മാനങ്ങൾ നൽകി അനുഗ്രഹിച്ചു (റോമർ 11:29).

അതിനാൽ വീണ്ടെടുപ്പുകാരൻ സീയോനിൽനിന്നും കടന്നുവന്ന് യാക്കോബിന്റെ അവിശ്വാസം നീക്കിക്കളയും.

മേഘങ്ങളിൽ എടുക്കപ്പെട്ടതിനു ശേഷം ഉപേക്ഷിക്കപ്പെട്ടു പോയ യിസ്രായേൽ ജനതയ്ക്ക് ദൈവരാജ്യം അവകാശമാക്കുവാനുള്ള പ്രത്യേക അവസരം ലഭിക്കും. ഭൂമിയിലോ, കടലിലോ, മരങ്ങളിലോ കാറ്റ് വീശാതിരിക്കാൻ ദൂതന്മാർ നാലു കാറ്റും പിടിച്ചു നില്ക്കുന്നത് കണ്ടു. ജീവിക്കുന്ന ദൈവത്തിന്റെ മുദ്രയേന്തിയ മറ്റൊരു ദൂതൻ വിളിച്ചുപറഞ്ഞത് "നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിയ്ക്കും സമുദ്രത്തിന്നും വൃക്ഷങ്ങൾ

ക്കും കേടുവരുത്തരുത് എന്നു ഉറക്കെ വിളിച്ചുപറഞ്ഞു". മുദ്രയിട്ടവർ ഓരോ ഗോത്രത്തിൽ നിന്നും 12,000 വീതം ആകെ 1,44,000 പേർ ആയിരുന്നു. ദാൻ ഗോത്രത്തിന്റെ സ്ഥാനത്ത് മനശ്ശെയുടെ ഗോത്രം ചേർത്ത് 12 ഗോത്രമാണ് മുദ്രയേറ്റത്. പീഡനകാലത്തിലെ അന്തിക്രിസ്തുവിന്റെ വാഴ്ചയുടെ ആദ്യ മൂന്നര വർഷക്കാലം ഈ മുദ്രയേറ്റവർ പിടിക്കപ്പെടും.

ഈ 1,44,000 പേരും യേശുക്രിസ്തുവിന് പ്രത്യേകതയുള്ളവരാണ്. കാരണം, അവർ വിഗ്രഹാരാധികൾ അല്ലായിരുന്നതുകൂടാതെ വെളിപാട് 17-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന വേശ്യയുമായി സമ്പർക്കം ഇല്ലാത്തവരുമായിരുന്നു. ഇവർ സിംഹാസനത്തിനു മുമ്പിൽ ഒരു പാട്ടു പാടി. ഈ പാട്ട് ഭൂമിയിൽ നിന്നും വീണ്ടെടുക്കപ്പെട്ടവരായ 1,44,000 പേർക്കല്ലാതെ മറ്റാർക്കും ഈ പാട്ട് പഠിക്കുവാൻ കഴിഞ്ഞില്ല. ഇവർ സ്ത്രീകളുമായി കളങ്കപ്പെടാത്തവരായിരുന്നു, കുഞ്ഞാട് പോകുന്നേടത്തൊക്കെയും പിന്നാലെ പോകുകയും ചെയ്യുമായിരുന്നു. സഭയുടെ പീഡനകാലത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് പോകുന്ന ജനത്തിന്റെ ആദ്യത്തെ കൂട്ടവുമായിരുന്നു.

വിശുദ്ധിയും സമർപ്പണവും നിലവാരത്തിനൊത്ത് ഉയരാത്തതിനാൽ ഈ 1,44,000 പേരും ഉപേക്ഷിക്കപ്പെട്ടതായിരുന്നു. എന്നാൽ അവർ ദൈവത്തിന്റെ വചനത്തിലും അവന്റെ ചട്ടങ്ങളിലും ഉറച്ചു നിൽക്കുന്നവരും വിഗ്രഹാരാധനയാൽ മലിനപ്പെടാത്തവരുമായിരുന്നു. അതിനാൽ ദൈവത്തിന്റെ ദൃഷ്ടി അവരോടൊപ്പമുണ്ടായിരുന്നു.

## രക്ഷക്കായുള്ള യഹൂദ്യയുടെ അവസാന അവസരം!

കർത്താവിന്റെ വീണ്ടെടുപ്പിൽ ഉപേക്ഷിക്കപ്പെട്ട 1,44,000 പേരുടെ പ്രത്യേക സംഘത്തിലുള്ള ശേഷിക്കുന്ന യഹൂദ്യരെ രക്ഷയിലേക്ക് കൊണ്ടുവരുവാൻ ദൈവത്തിന് ഇഷ്ടമായിരുന്നു. ദൈവം തന്റെ കൃപാവരങ്ങളെയും വിളിയെയും കുറിച്ച് അനുതപിക്കുന്നില്ലല്ലോ (റോമർ 11:29).

മശിഹായെ അവർ തിരസ്കരിച്ചെങ്കിലും ദൈവം വിശ്വസ്തനായിരുന്നു. വേദപുസ്തകം പറയുന്നു: "ഞാൻ ദാവീദ് ഗൃഹത്തിന്മേലും യെരൂശലേം നിവാസികളുടെമേലും കൃപയുടേയും യാചനകളുടേയും ആത്മാവിനെ പകരും; തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു അവർ നോക്കും; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വിലപിക്കും; ആദ്യജാതനെക്കുറിച്ച് വ്യസനിക്കുന്നതുപോലെ അവൻ അവനെക്കുറിച്ചും വ്യസനിക്കും" (സെഖര്യാവ് 12:10).

മശിഹായെ നിരസിക്കുകയും അവനെതിരെ നെറ്റി ചുളിക്കുകയും ചെയ്തു എങ്കിലും യഹൂദ്യയുടെ മേൽ കൃപയുടെ ആത്മാവിനെ പകരുവാൻ ദൈവം പ്രസാദിക്കുകയും അവരുടെ തെറ്റായ പ്രവൃത്തികളെ ഓർത്ത് അവർ വിലപിക്കുകയും ചെയ്യുമെന്നും കരുതി. എന്തായാലും അവസാനത്തെ രണ്ടു ദിവസങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം മരിക്കുകയും (അന്തിക്രിസ്തുവിന്റെ രണ്ടാമത്തെ മൂന്നരയാണ്ട് വാഴ്ചയിൽ സംഭവിക്കും) മൂന്നിൽ ഒരു ഭാഗം കടുത്ത അഗ്നി പരീക്ഷയിലൂടെ രക്ഷിക്കപ്പെടുകയും ചെയ്യും (സെഖര്യാവ് 13:8,9).

രണ്ടാംവരവിൽ വീണ്ടെടുക്കപ്പെടുകയാണെങ്കിൽ യഹൂദന്മാരും അല്ലാത്തവരു ഭാഗ്യമുള്ളവരാണ്. വീണ്ടെടുപ്പിനുശേഷം യഹൂദന്മാർക്കു മാത്രമേ കഠിനമായ പരീക്ഷണങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവകാശമുള്ളൂ. അതിനാൽ ഇന്നാണ് രക്ഷാദിവസം, ഇപ്പോഴാണ് കർത്താവായ യേശുക്രിസ്തുവിനെ ആലിംഗനം ചെയ്യാനുള്ള സമയം! അങ്ങനെ ചെയ്ത്, അവന്റെ മക്കളായി ജീവിച്ച്, അവന്റെ വരവിങ്കൽ സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള അവകാശം നേടാം.

യിസ്രായേല്യരുടെ ജീവിതത്തിൽ മുന്തിരിവള്ളിയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. ഇത് തൊഴിൽ പ്രാധാന്യമുള്ള വ്യവസായമാണ്. വലിയൊരു വിഭാഗം ആളുകൾ ഈ വ്യവസായത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. മുന്തിരിജ്യൂസ് വിവാഹത്തിനും മറ്റു ഭവനാവശ്യങ്ങൾക്കുമെല്ലാം വ്യാപകമായി ഉപയോഗിക്കപ്പെടുന്ന പാനീയമാണ്.

*09-ാം പേജിൽ തുടരും...*


## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in



## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

### ഞാൻ എങ്ങനെയാണ് വളർന്നത്?

1949 ജൂൺ 3-നാണ് ഞാൻ ജനിച്ചത്. എന്റെ കുടുംബത്തിലെ ആദ്യത്തെ ആൺകുഞ്ഞായതിനാൽ എന്റെ ഒരു ക്രിസ്തീയ പുരോഹിതനാക്കുവാൻ എന്റെ മാതാപിതാക്കളും മുത്തശ്ശിമാരും ബന്ധുക്കളുമെല്ലാം ആഗ്രഹിച്ചു. അതുകൊണ്ട് അവർ എന്നെ പ്രാർത്ഥനയിലും വേദപുസ്തക പരിജ്ഞാനത്തിലും വളർത്തി.



പള്ളിയിൽ കുട്ടികൾക്കായി നടത്തുന്ന സണ്ടേസ്ക്കൂളിൽ എന്നെ പങ്കെടുപ്പിച്ചു. നെൽ വയലുകൾക്കിടയിലായിരുന്ന ഞങ്ങളുടെ പള്ളിയിൽ പോകാൻ ശരിക്കുള്ള വഴി പോലുമില്ലായിരുന്നു. അതിനാൽ എന്റെ അമ്മാവന്മാർ എന്നെ തോളിൽ ചുമന്നുകൊണ്ടാണ് ഞായറാഴ്ചകളിലും മറ്റു ദിവസങ്ങളിലും പള്ളിയിൽ പോയിരുന്നത്. അമ്മയും അമ്മായിയും എപ്പോഴും എന്റെ അടുക്കൽ തന്നെ ഉണ്ടായിരുന്നു. സണ്ടേസ്കൂൾ അദ്ധ്യാപകരായ റവ. ഏലിയാസ്, ബേബി, ഡെയ്സി, സിസ്റ്റർ രത്നം, ജ്ഞാനസെൽവം അമ്മായി, ഗ്രേസ് എന്നിവർ എന്റെ കുട്ടിക്കാലത്ത് എന്നെ യേശുവിങ്കലേക്ക് നയിച്ചു. ഞാൻ ഒരു ശരാശരി കുട്ടിയും രോഗിയുമായിരുന്നതിനാൽ അദ്ധ്യാപകർ എന്നെ വളരെയധികം സ്നേഹിച്ചു.

ഭാവിയിലെ ഒരു ദൈവദാസനെയാണ് താൻ വളർത്തുന്നതെന്ന് എന്റെ അമ്മ പൂർണ്ണ ഹൃദയത്തോടെ വിശ്വസിച്ചു. അമ്മ എന്നെ അധികമായി ശുശ്രൂഷിക്കുന്നത് ഒരു ദൈവവേല എന്നു വിശ്വസിക്കുകയും ആലയത്തിൽ രാവിലെയും ഉച്ചയ്ക്കും വൈകുന്നേരത്തിലുമുള്ള ആരാധനകളിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

### ചെറിയ പൈതങ്ങളെ സ്നേഹിക്കുന്ന കർത്താവ്!

എന്റെ അമ്മ എന്നെ അവരുടെ അടുത്ത് തന്നെ ഇരുത്തി പാട്ടുകൾ പാടുവാനും വചനം ശ്രദ്ധയോടെ കേൾക്കുവാനും എന്നെ പ്രോത്സാഹിപ്പിച്ചു. റവ. I.R.H. ജ്ഞാനദാസനായിരുന്നു നെയ്യൂർ മുഖ്യസഭയിലെ അക്കാലത്തെ മുഖ്യ ശുശ്രൂഷകൻ. അദ്ദേഹം എന്നെ ദൈവസന്നിധിയിൽ സമർപ്പിച്ച് സാം സെൽവരാജ് എന്ന പേരിൽ ജ്ഞാനസ്നാനം നൽകുകയും ചെയ്തു. അദ്ദേഹം എന്നെ അനുഗ്രഹിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: "ഇവൻ ശമൂവേലിനെപ്പോലെ വളരും. വലിയ ധനികനായിത്തീരുകയും ദൈവത്തിന്റെ പ്രധാന ദാസന്മാരിലൊരാളായിത്തീരുകയും ചെയ്യും".

അന്നൊക്കെ ക്രിസ്തുമസ് നാളുകൾ എനിക്കും മാതാപിതാക്കൾക്കുമൊക്കെ സന്തോഷത്തിന്റെ നാളുകളായിരുന്നു. കുഞ്ഞുങ്ങളൊക്കെയും വേദവാക്യങ്ങൾ ഹൃദിസ്ഥമാക്കുകയും പാരായണം ചെയ്യുകയും എല്ലാ വർഷവും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുമായിരുന്നു. 1952 ൽ ഞാൻ ആലയത്തിൽ പാരായണം ചെയ്ത വാക്യം ഇതായിരുന്നു: "പെട്ടെന്നു സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്ന് ദൈവത്തെ പുകഴ്ത്തി..." (ലൂക്കൊസ് 2:13).

1956 ൽ എനിക്ക് 7 വയസ്സായിരുന്നപ്പോൾ ബഹുമാന്യനായ ഞങ്ങളുടെ പാസ്റ്റർ ശ്രീ. ദേവദാസിന്റെ പ്രസംഗം ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ആ സമയത്ത് പരിശുദ്ധാത്മാവ് ശക്തിയായി തന്നെത്തന്നെ വെളിപ്പെടുത്തി. ദൈവം എന്നെ സ്നേഹിക്കുന്നു എന്ന കർത്താവിന്റെ സന്ദേശം ഞാൻ വ്യക്തമായി കേട്ടു. അതിന്റെ ആഘാതം വളരെ ശക്തമായതിനാൽ ഞാൻ ഉറക്കെ കരയാൻ തുടങ്ങി. ദൈവത്തിന്റെ സാന്നിദ്ധ്യം എന്നിൽ കടന്നുവരുന്നത് എനിക്ക് വ്യക്തമായി മനസ്സിലായി. എന്റെ അമ്മ എന്നെ താല്പര്യത്തോടെ വീക്ഷിക്കുന്നുണ്ടായിരുന്നു.

ശുശ്രൂഷ കഴിഞ്ഞപ്പോൾ ഞാൻ അമ്മയോടു ചോദിച്ചു, "അമ്മേ, പാസ്റ്റർ സ്വർഗ്ഗത്തിൽ പോയി യേശുവിനെ കാണുമോ"? "അതെ, മകനേ" എന്ന് അമ്മ മറുപടി പറഞ്ഞു. ഞാൻ ഉടനെ പറഞ്ഞു: "എനിക്കും സ്വർഗ്ഗത്തിൽ പോകണം. എനിക്ക് അവിടെ വച്ച് യേശുവിനെ കാണണം. അത് സാദ്ധ്യമാകുമോ അമ്മേ?" "ഈ ലോകത്തിൽ ജീവിക്കുമ്പോൾ യേശുവിൽ വിശ്വസിച്ച് അവനെ ഹൃദയത്തിൽ രക്ഷിതാവായി സ്വീകരിക്കുകയാണെങ്കിൽ നിശ്ചയമായും നിന്റെ ആഗ്രഹം സാധിക്കും" എന്ന് അമ്മ പറഞ്ഞു.

അങ്ങനെ യേശുവിനെ എന്റെ രക്ഷിതാവായി സ്വീകരിക്കുവാൻ അമ്മ എന്നെ സഹായിച്ചു. ആ ദിവസം മുതൽ ഒരു വ്യത്യസ്തമായ ചൈതന്യം എനിക്ക് ഉണ്ടാകുകയും എപ്പോഴും ദൈവസാന്നിദ്ധ്യം അനുഭവിക്കുവാനും സാധിച്ചു.

തമിഴ് ഒന്നാം ഭാഷയായി കണ്ണാറ്റുവിളയിലെ ഗവൺമെന്റ് പ്രൈമറി വിദ്യാലയത്തിൽ ഞാൻ ഒന്നാം ക്ലാസ്സിൽ ചേർന്നു. എന്റെ അമ്മൂമ്മ എന്നെ സ്കൂളിൽ കൊണ്ടുപോകുകയും തിരികെ സുരക്ഷിതമായി കൊണ്ടുവരികയും ചെയ്യുമായിരുന്നു. എല്ലാ ദിവസവും ഞാൻ സ്കൂളിൽ പോകുമ്പോൾ അമ്മ എന്നെ പ്രാർത്ഥിച്ച് അയയ്ക്കുമായിരുന്നു. എന്റെ തലയിൽ കൈ വച്ച് "ദൈവമേ, എന്റെ മകൻ ഇന്ന് സ്കൂളിൽ പഠിക്കുന്ന പാഠങ്ങളെല്ലാം ദൈവരാജ്യ വർദ്ധനവിനായി സഹായകമാകേണമേ" എന്ന് പ്രാർത്ഥിക്കുമായിരുന്നു.

ഭാവിയിൽ ഞാൻ ദൈവദാസനാകുമെന്നു എന്റെ സ്കൂളിലെ അദ്ധ്യാപകരും വിശ്വസിച്ചു. അതിനാൽ അവർ എന്നെ സ്നേഹിക്കുകയും മികച്ച വിദ്യാഭ്യാസം നൽകുകയും ചെയ്തു. ഞാൻ അപ്പോൾ ഒരു കുസൃതിക്കാരനായിരുന്നു. അഞ്ചാം ക്ലാസ്സു വരെ ഞങ്ങളു

ടെ ഗ്രാമീണ വിദ്യാലയത്തിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നില്ല.

1957 ൽ വേദവാക്യ പാരായണ മത്സരത്തിൽ എന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഞങ്ങളുടെ സണ്ടേസ്കൂളിന്റെ മുഖ്യ അദ്ധ്യാപിക രത്ന ടീച്ചർ എന്നെ അറിയിച്ചു. അവൾ ഇങ്ങനെ പറഞ്ഞു, "ദൈവഹിതമായാൽ അടുത്ത വർഷം നിനക്ക് അവസരം ലഭിക്കും".

അമ്മയോട് ഈ വിവരം ഹൃദയവേദനയോടെ കരഞ്ഞുകൊണ്ട് അറിയിച്ചു. അമ്മ എന്നോട് ഇപ്രകാരം പറഞ്ഞു: "വരുന്ന വ്യാഴം, വെള്ളി, ശനി ദിവസങ്ങൾ രാത്രിയിൽ ഭക്ഷണം കുറച്ചുകൊണ്ട് എന്നോട് ഇപ്പോൾ പറഞ്ഞതുപോലെ ദൈവമുമ്പാകെ മുട്ടുകുത്തി നിന്റെ വിഷമം പറയുക". കൂടാതെ രണ്ടു പാട്ടുകളും അമ്മ എന്നെ പഠിപ്പിച്ചു.

I. ദൈവത്തെ സ്നേഹിക്കുന്ന കുഞ്ഞുങ്ങൾ പ്രശ്നങ്ങളിൽ ഭയപ്പെടില്ല
ഒരു പക്ഷി കൂട്ടിൽ സംരക്ഷിക്കപ്പെടുന്ന പോലെ
അവനെ സേവിപ്പാനായി യേശു നിന്നെ സംരക്ഷിക്കും.

II. എൻ ആത്മാവിൻ സ്നേഹമേയ്പനേ
എൻ ഹൃദയത്തിൻ ആനന്ദമേ
ഇന്നു നിന്നോടു ചേരുവാൻ ഞാൻ
വാഞ്ഛയോടു സമീപിക്കുന്നേൻ

കോറസ്

വേണം വേണം വേണം
പ്രാർത്ഥനയ്ക്കുത്തരം
ദൈവമേ ഇഷ്ടമായതിനെ
ഇപ്പോൾ കാണിക്ക ചെയ്‌വാൻ തയ്യാർ

2. രക്ഷകനെ പിൻചെല്ലുന്ന
ആത്മാവിനുള്ളനുഗ്രഹങ്ങൾ
അടിയാനുമരുളിയിന്നു
അപ്പനേ കേൾക്ക പ്രാർത്ഥനകൾ -
വേണം

3. പാപികൾക്കു നിൻ സ്നേഹത്തെ
എൻ ക്രിയയാൽ ഞാൻ കാണിപ്പാൻ
കാൽവരി ചിന്തയാൽ മനസ്സെ
അഭിഷേകിക്ക പോർ ജയിപ്പാൻ -
വേണം

4. എൻ ജീവന്റെ ദിവസമെല്ലാം
നിൻ പാതയിൽ നടക്കാമെന്നു
ആഗ്രഹിച്ചെനിക്കുള്ളതെല്ലാം
തരുന്നേൻ ശക്തി തന്നീടേണം -
വേണം

ഞാൻ ഈ പാട്ടുകൾ മൂന്നു ദിവസവും പാടിക്കൊണ്ടിരിക്കുകയും എനിക്ക് ക്രിസ്തുമസ് ദിനത്തിൽ വാക്യം പറയാനുള്ള അവസരം ലഭിക്കാൻ പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു.

എന്റെ പ്രാർത്ഥനകൾക്ക് ദൈവം ആദ്യമായി മറുപടി തന്നു. ആ ഞായറാഴ്ച അതിരാവിലെ ആലയത്തിലേക്ക് ആരാധനക്കായി പോകുന്ന വഴിയിൽ വച്ച് ദേവദാസ് പാസ്റ്ററെ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹം തിരിഞ്ഞ് എന്നെ നോക്കിയിട്ട് "ഈ ക്രിസ്തുമസിന് പാട്ടാണോ വാക്യമാണോ നിനക്ക് അവതരിപ്പിക്കുവാൻ നൽകിയിരിക്കുന്നത്" എന്നു ചോദിച്ചു. "ഒന്നുമില്ല" എന്ന് അമ്മ മറുപടി നൽകി.

"മറ്റു കുട്ടികൾ ഒരു വാക്യം മാത്രം കാണാതെ പറയും, പക്ഷെ നീ 23-ാം സങ്കീർത്തനം മുഴുവനും കാണാതെ പറയണം" എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ 23-ാം സങ്കീർത്തനത്തിന്റെ ആറു വാക്യങ്ങളും നന്നായി പഠിച്ച് തെറ്റുകൂടാതെ സഭയിൽ പറഞ്ഞു. അതിനാൽ എന്നെ ഒന്നാം സമ്മാനാർഹനായി തിരഞ്ഞെടുത്ത് ഒരു സോപ്പുപെട്ടി സമ്മാനമായി തന്നു. ഈ സംഭവം എന്നിൽ യേശുവിനോടുള്ള വലിയ സന്തോഷവും ധൈര്യവുമൊക്കെയായി മാറി. ഞാൻ പ്രാർത്ഥനയിലൂടെ വലിയ വിശ്വാസം വളർത്തിയെടുത്തു.



"എന്നെ വിളിച്ചപേക്ഷിക്ക..." (യിരെമ്യാവ് 33:3) എന്ന വാക്യം എനിക്കു വഴികാട്ടിയായി. അന്നുമുതൽ ഞാൻ പ്രാർത്ഥനയിലൂടെ ദൈവവുമായുള്ള ബന്ധം സ്ഥാപിക്കാൻ തുടങ്ങി.

... 7-ാം പേജിന്റെ തുടർച്ച

അത്തിവൃക്ഷം വളരെയധികം ഉയരത്തിൽ വളർന്ന് എല്ലാ വശങ്ങളിലും ശാഖകൾ പടരുന്നതാണ്. ഈ വൃക്ഷം യിസ്രായേലിൽ വ്യാപകമായി കാണുന്നതാണ്. ഇത് ഇന്ത്യയിലും വളരുന്നുണ്ട്. ഇത് ഒരു പ്രധാന ഭക്ഷണമായി ഉപയോഗിക്കുന്നതോടൊപ്പം ഔഷധമൂല്യവും ഉള്ളതാണ്. ഇത് എല്ലാ കാലങ്ങളിലും ഫലം നൽകുന്നില്ല. ഒരു ദിവസം യേശുവും ശിഷ്യന്മാരും ബെഥാന്യയിൽ നിന്നും യാത്ര തിരിച്ചു. വഴിമദ്ധ്യേ യേശുവിന് വിശന്നു. അപ്പോൾ ഇലകൾ അധികമുള്ള ഒരു അത്തിവൃക്ഷത്തെ കണ്ടു. യേശുക്രിസ്തു അതിൽ ഫലം കിട്ടുമെന്ന് പ്രതീക്ഷിച്ചു എങ്കിലും കണ്ടില്ല. യേശുക്രിസ്തു ആ അത്തിമരത്തെ ശപിച്ചുകൊണ്ട് "ഇനി നിങ്കൽനിന്ന് ആരും ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു (മർക്കൊസ് 11:12-14).

മുന്തിരിതോട്ടത്തിലെ അത്തിവൃക്ഷം യഹൂദന്മാരോടൊപ്പം വിജാതീയരെ ഒട്ടിച്ചു ചേർക്കുന്നതിന്റെ പ്രതീകമാണ്. രക്ഷ യഹൂദന്മാർക്കുള്ളതിനാൽ ദൈവം തന്റെ സമൃദ്ധമായ കൃപയാൽ അത് വിജാതീയർക്കുകൂടി അവകാശമാക്കിക്കൊടുത്തു. വിജാതീയർ ഈ അവസരം മുതലെടുത്ത് ഫലം കായിക്കുന്നവരായിത്തീർന്നാൽ വിജയകിരീടം പ്രാപിക്കും. അല്ലാഞ്ഞാൽ നിത്യ നരകത്തിന് ഓഹരിക്കാരായിത്തീരും.

ഒലീവ് ഒരു നാണ്യവിളയാണ്. ഇത് യിസ്രായേലിൽ വ്യാപകമായി കാണുന്നു. ഒലീവെണ്ണ വളരെയധികം പ്രസിദ്ധമായതാണ്. ഇത് പാചകത്തിനും വിളക്കിനായും മറ്റു ഔഷധാവശ്യങ്ങൾക്കായും ഉപയോഗിക്കുന്നു. ഇത് മുഖത്ത് തുടർച്ചയായി പ്രയോഗിക്കുകയാണെങ്കിൽ മുഖത്തിന് നല്ല തിളക്കം ലഭിക്കും.

അവൻ ഭൂമിയിൽനിന്ന് ആഹാരവും മനുഷ്യന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞും അവന്റെ മുഖത്തെ മിനുക്കുവാൻ എണ്ണയും മനുഷ്യന്റെ ഹൃദയത്തെ ബലപ്പെടുന്ന അപ്പവും ഉത്ഭവിക്കുന്നു (സങ്കീർത്തനങ്ങൾ 104:15).

നമുക്ക് മുന്തിരിവള്ളിയും അത്തിവൃക്ഷവും ഒലീവും പോലെ രാജ്യത്തിനു പ്രയോജനമുള്ളവരായിത്തീരാം. അതിനെല്ലാ

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

ത്തിനുമുപരി നമ്മുടെ കർത്താവും രക്ഷിതാവും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിനു പ്രയോജനമുള്ളവരായിത്തീരാം. ഹല്ലേലൂയ്യാ!

************

**Echo of His Call - YouTube**

Kindly View and subscribe our **Echo of His Call YouTube Channel** when you set time. Thanks. – Editor

## OUR BANK DETAILS:

*1. Bank : State Bank of India*

Branch : **Triplicane, Chennai-5**
Name : **S. Sam Selva Raj**
A/C No. : **1023 2934 679**
IFSC : **SBIN 00 00 249**
SWIFT CODE : **SBI NIN BB 455**

*2. Bank : ICICI Bank*

Branch : **Anna Salai, Chennai-6**
Name : **Echo of His Call**
A/C No. : **6038 0502 2319**
IFSC : **ICIC 000 6038**

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : **Triplicane, Chennai-5**
Name : **Echo of His Call Educational Trust**
A/C No. : **1023 2923 805**
IFSC : **SBIN 00 00 249**

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATIONS ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th MARCH, 2022.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**